**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1439** **07-02-2023 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് മേഖലയിലെ അദ്ധ്യാപക നിയമനാംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. മേഖലകളിൽ നിയമനാംഗീകാരം ലഭിക്കാതെ എത്ര അദ്ധ്യാപകർ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | പൂർണ്ണമായും സർക്കാർ ചട്ടങ്ങൾ പാലിച്ചുകൊണ്ടുള്ള നിയമനങ്ങളിൽ അംഗീകാരം നൽകുന്നതിന് വളരെയധികം കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | പൂർണ്ണമായും സർക്കാർ ചട്ടങ്ങളും കോടതി വിധികളും പാലിച്ചുകൊണ്ടുള്ള നിയമനങ്ങളിൽ അംഗീകാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി 19808/ 2021 നമ്പർ കേസിൽ 10.08.2022 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് 1996 മുതൽ നടത്തിയ നിയമനങ്ങളുടെ അടിസ്ഥാനത്തിൽ റോസ്റ്റർ തയാറാക്കി ബാക് ലോഗ് നിയമനം നടത്തുന്നതിനായി സമന്വയ മുഖാന്തിരം നടപടികൾ സ്വീകരിച്ചു വരുന്നു .പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കും ,ബഹു കോടതിയുടെ തുടർ വിധിന്യായങ്ങൾക്കനുസൃതമായും മാത്രമേ നിലവിൽ അംഗീകരിക്കാത്ത മറ്റു നിയമനങ്ങൾ അംഗീകരിക്കാൻ സാധിക്കുകയുള്ളു . |
| (സി) | പ്രസ്തുത അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (സി) | പൂർണ്ണമായും സർക്കാർ ചട്ടങ്ങളും കോടതി വിധികളും പാലിച്ചുകൊണ്ടുള്ള നിയമനങ്ങളിൽ അംഗീകാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി 19808/ 2021 നമ്പർ കേസിൽ 10.08.2022 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് 1996 മുതൽ നടത്തിയ നിയമനങ്ങളുടെ അടിസ്ഥാനത്തിൽ റോസ്റ്റർ തയാറാക്കി ബാക് ലോഗ് നിയമനം നടത്തുന്നതിനായി സമന്വയ മുഖാന്തിരം നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നു .പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കും ,ബഹു കോടതിയുടെ തുടർ വിധിന്യായങ്ങൾക്കനുസൃതമായും മാത്രമേ നിലവിൽ അംഗീകരിക്കാത്ത മറ്റു നിയമനങ്ങൾ അംഗീകരിക്കാൻ സാധിക്കുകയുള്ളു . |
| (ഡി) | എയ്ഡഡ് മേഖലയിൽ ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തിക്കൊണ്ട് ഹൈക്കോടതി ഉത്തരവ് ആയിട്ടുണ്ടോ; എങ്കിൽ അതിന് അനുബന്ധമായി പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | എയ്ഡഡ് മേഖലയിൽ ഭിന്നശേഷി സംവരണം സംബന്ധിച്ച റിട്ട് ഹർജി (സി) നം. 19808/2021 നമ്പർ കേസിൽ 23.09.2021 ന് ബഹു. കോടതി പുറപ്പെടുവിച്ച ഇടക്കാല വിധിയനുസരിച്ച് 2020-2021 അധ്യയന വർഷം മുതൽ നടത്താനിരുന്ന എല്ലാ നിയമനങ്ങളും അംഗീകരിക്കുന്നതിന് സ്റ്റേ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സ.ഉ (കൈ) നം. 111/2022/പൊ.വി.വ. തീയതി 25.06.2022 പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചു. 10.08.2022 തീയതിയിൽ ബഹു. ഹൈക്കോടതി പ്രസ്തുത കേസിൽ അന്തിമ വിധി പുറപ്പെടുവിക്കുകയും, തുടർന്ന് 18.11.2018 മുതൽ വരുന്ന ഒഴിവുകളിൽ ഭിന്നശേഷി സംവരണം അനുസരിച്ചുള്ള ബാക്ക് ലോഗ് നിയമനങ്ങൾ നടത്തുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും 25.06.2022-ലെ ഉത്തരവ് അപ്രകാരം ഭേദഗതി ചെയ്തുകൊണ്ടും 19.09.2022 തീയതിയിൽ സ.ഉ (കൈ) നം. 162/2022/പൊ.വി.വ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ - ഭേദഗതി വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ(ജെ) വകുപ്പ്

സ.ഉ.(കൈ) നം.162/2022/GEDN തീയതി,തിരുവനന്തപുരം, 19-09-2022

പരാമർശം:-
1. സ.ഉ(പി) നം.18/2018/സാ.നീ.വ തീയതി 18.11.2018
2. സ.ഉ(പി) നം.05/2019/സാ.നീ.വ തീയതി 07.05.2019
3. സ.ഉ(പി) നം.19/2020/സാ.നീ.വ തീയതി 25/08/2020
4. സ.ഉ(കൈ) നം.111/2022/പൊ.വി.വ തീയതി 25.06.2022
5. WP(C) 19808/21 കേസിലെയും മറ്റ് അനുബന്ധ കേസുകളിലെയും 10.08.2022-ലെ അന്തിമ വിധിന്യായം.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം 4 പ്രകാരം ഉത്തരവായിരുന്നു. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ നിലവിലിരുന്ന WP(C) 19808/21, മറ്റ് അനുബന്ധ കേസുകളുടെയും അന്തിമവിധി പ്രകാരം പരാമർശം 4 ഉത്തരവിലെ മാർഗ്ഗനിർദ്ദേശം 1-ൽ പ്രതിപാദിച്ചിരുന്ന "08/11/2021 മുതൽ ഒഴിവ് വരുന്ന തസ്തികകളിൽ" എന്നത് 18/11/2018 മുതൽ ഒഴിവ് വരുന്ന തസ്തികകൾ എന്നാക്കി ഭേദഗതി വരുത്തിയും മാർഗ്ഗനിർദ്ദേശം 12 റദ്ദ് ചെയ്തും ഇതിനാൽ ഉത്തരവാകുന്നു.

2) മേൽ ഭേദഗതിയോടെ പരാമർശം 4 ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ എയ്ഡഡ് സ്കൂളുകളുകളുടെയും മാനേജർമാർക്ക് (ഡി.ഇ.ഒ/എ.ഇ.ഒ മുഖാന്തിരം)
എല്ലാ ആർ.ഡി.ഡി/വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കൈറ്റ്,തിരുവനന്തപുരം (വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ(വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ് ,വിവര പൊതുജന സമ്പർക്ക വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്/എ&ഇ),കേരള,തിരുവനന്തപുരം
സാമൂഹ്യനീതി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by N.k. Sheena**
**Date: 20-09-2022 16:07:30**
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
ജോയിൻറ് സെക്രട്ടറിയുടെ സി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ(ജെ) വകുപ്പ്**

സ.ഉ.(കൈ) നം.111/2022/GEDN തീയതി, തിരുവനന്തപുരം, 25-06-2022

---

പരാമർശം:-

1. സ.ഉ(പി) നം.18/2018/സാ.നീ.വ തീയതി 18.11.2018
2. സ.ഉ(പി) നം.5/2019/സാ.നീ.വ തീയതി 07/05/2019
3. സ.ഉ(പി) നം.19/2020/സാ.നീ.വ തീയതി 25/08/2020
4. സ.ഉ(പി) നം.19/2021/പൊ.വി.വ തീയതി 08/11/2021

**ഉത്തരവ്**

സംസ്ഥാനത്തെ എയ്ഡഡ് പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കി പരാമർശം 4 പ്രകാരം ഉത്തരവായിരുന്നു. മേൽ സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1) ഭിന്നശേഷി സംവരണം ഇതുവരെയും നടപ്പാക്കാത്ത സ്ഥാപനങ്ങൾ 07/02/1996 മുതൽ 18/04/2017 വരെ നടത്തിയ നിയമനങ്ങളിൽ 3% വും 19/04/2017 മുതൽ നടത്തിയ നിയമനങ്ങളിൽ 4%വും ബാക്ക് ലോഗ് ഒഴിവുകളായി കണക്കാക്കി 08/11/2021 മുതൽ ഒഴിവു വരുന്ന തസ്തികകളിൽ സംവരണം നടപ്പാക്കേണ്ടതാണ്. നിലവിൽ ഭിന്നശേഷിക്കാരെ നിയമിച്ചിട്ടുണ്ട് എങ്കിൽ ആ നിയമനങ്ങൾ ബാക്ക് ലോഗിൽ കുറവ് വരുത്താവുന്നതാണ്.

2) ഭിന്നശേഷി സംവരണം ഇതുവരെയും നടപ്പാക്കാത്ത സ്ഥാപനങ്ങൾ 07/02/1996 മുതൽ 18/04/2017 വരെ നടത്തിയ നിയമനങ്ങൾക്ക് ആനുപാതികമായി ഭിന്നശേഷിക്കാർക്കായുള്ള 3% നിയമനത്തിനായി 33 വീതമുള്ള ഓരോ ബ്ളോക്കിലും 19/04/2017 മുതലുള്ള നിയമനങ്ങളിൽ 4% നിയമനത്തിനായി 25 വീതമുള്ള ഓരോ ബ്ളോക്കിലും ആദ്യ തസ്തിക ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത് റിസർവേഷൻ റോസ്റ്റർ റൊട്ടേഷൻ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്.മുൻഗണനാക്രമം

(1) കാഴ്ച പരിമിതർ

(2) ശ്രവണ പരിമിതർ

(3) അംഗവൈകല്യമുള്ളവർ

(4) ലോക്കാമോട്ടർ ഡിസബിലിറ്റി/സെറിബ്രൽ പാൾസി എന്ന രീതിയിലാകണം.

3) റൊട്ടേഷൻ വ്യവസ്ഥ പ്രകാരം അദ്ധ്യാപക/ അനദ്ധ്യാപക തസ്തികയിലെ ഏത് വിഭാഗത്തിൽപ്പെട്ട തസ്തികകളെ ഭിന്നശേഷി സംവരണത്തിൽ ഉൾപ്പെടുത്തുമെന്ന് 25.08.2020-

ലെ GO(P) No.19/2020/SJD, 07/05/2019-ലെ GO(P) No.5/19/SJD എന്നീ ഉത്തരവുകൾ പ്രകാരം സാമൂഹ്യനീതി വകുപ്പ് വ്യക്തമാക്കിയിരുന്നു. അതുപ്രകാരം അർഹതപ്പെട്ട വിഷയങ്ങൾക്ക് സംവരണം ലഭിക്കുന്ന രീതിയിൽ റൊട്ടേഷനിലായിരിക്കണം നിയമനം നടത്തേണ്ടത്.

4) റൊട്ടേഷനടിസ്ഥാനത്തിൽ തസ്തിക നിശ്ചയിക്കുമ്പോൾ നിലവിൽ 4% ഭിന്നശേഷിക്കാരുള്ള വിഭാഗത്തിലെ തസ്തിക തന്നെ വന്നാൽ അടുത്ത വിഭാഗം തസ്തികയിലേക്ക് സംവരണം മാറ്റി നിശ്ചയിക്കാവുന്നതാണ്.

5) ഭിന്നശേഷിക്കാർക്കായി സംവരണം ഉൾപ്പെടുത്തിയ റോസ്റ്റർ അതാത് മാനേജ്മെന്റുകൾ സൂക്ഷിക്കേണ്ടതാണ്. കൂടാതെ ഈ റോസ്റ്ററിന്റെ പകർപ്പ് നിയമനാംഗീകാര പ്രൊപ്പോസലിനോടൊപ്പം ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.ഭിന്നശേഷിക്കാർക്കായി സംവരണം ഉൾപ്പെടുത്തിയ റോസ്റ്ററിന്റെ പകർപ്പ് ഹയർസെക്കന്ററി അദ്ധ്യാപക നിയമനത്തിനായുള്ള സെലക്ഷൻ കമ്മിറ്റിയിലേക്കുള്ള സർക്കാർ നോമിനിക്കായി അപേക്ഷിക്കുന്ന സമയത്തും മാനേജർ സമർപ്പിക്കേണ്ടതാണ്.

6) ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത തസ്തികയിൽ Back log ഉൾപ്പടെയുള്ള നിയമനം നടത്തുന്നതിനായി സ്കൂൾ മാനേജർ, അർഹതയുള്ള ഭിന്നശേഷിക്കാരുടെ ലിസ്റ്റ് എംപ്ലോയ്മെന്റ് ഡയറക്ടറിൽ നിന്നും ആവശ്യപ്പെടേണ്ടതും, അപ്രകാരം ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതുമാണ്. പ്രസ്തുത ലിസ്റ്റ് നിയമന പ്രപ്പോസലിനോടൊപ്പം മാനേജർ സമർപ്പിക്കേണ്ടതാണ്.യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത പക്ഷം പ്രധാനപ്പെട്ട 3 മലയാളം ദിനപത്രങ്ങളിലും 2 ഇംഗ്ലീഷ് ദിനപത്രങ്ങളിലും നിയമനത്തിനായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം നൽകേണ്ടതാണ്.

7) അതിനുശേഷവും മതിയായ വ്യക്തികളെ ലഭ്യമല്ലാതെ വന്നാൽ RPWD Act 2016 സെക്ഷൻ 34(2) ലെ വ്യവസ്ഥകൾ പാലിച്ച് നിയമനം നടത്തേണ്ടതാണ്.

8) ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി തസ്തികകളെ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി (സീനിയർ), ഹയർ സെക്കന്ററി (ജൂനിയർ), വൊക്കേഷണൽ ഹയർ സെക്കന്ററി (സീനിയർ), വൊക്കേഷണൽ ഹയർ സെക്കന്ററി (ജൂനിയർ), നോൺ ടീച്ചിംഗ് എന്നിങ്ങനെ പ്രത്യേകം കേഡറുകളായി നിശ്ചയിക്കാവുന്നതാണ്.

9) കെ.ഇ.ആർ അദ്ധ്യായം 14 എ ചട്ടം 1(1) പ്രകാരവും 43, 51എ, 51ബി, അദ്ധ്യായം 24എ ചട്ടം 9 എ അവകാശികൾക്ക് വിധേയമായി മാത്രവും ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തേണ്ടതാണ്.

10) clause 2 ൽ പറഞ്ഞിട്ടുള്ള തരത്തിൽ നിയമനം നടത്തിയ ശേഷം പ്രസ്തുത രജിസ്റ്ററിന്റെ (Roster) പകർപ്പ്, മാനേജർ പ്രപ്പോസലിനൊപ്പം നിയമനാധികാരിക്ക് സമർപ്പിക്കേണ്ടതുമാണ്. നിയമനാംഗീകാരം നൽകുന്നതിന് ബാക്ക് ലോഗ് റൊട്ടേഷൻ എന്നിവ പാലിച്ചിട്ടുണ്ടെന്ന് വിദ്യാഭ്യാസ ആഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

11) ഒന്നോ അതിൽ കൂടുതലോ സ്കൂളുകൾ ഉള്ള സിംഗിൾ /കോർപ്പറേറ്റ് മാനേജർമാർ അവരുടെ മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളെ ഒറ്റ യൂണിറ്റായി പരിഗണിച്ച് ബാക്ക് ലോഗ് കണക്കാക്കി മേൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിച്ച് സംവരണത്തിനായി നീക്കിവെക്കുന്ന ഒഴിവുകളുടെ വിവരങ്ങൾ സ്കൂൾ സഹിതമുള്ള ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇത്തരം ലിസ്റ്റുകൾ നിയമനാംഗീകാര പ്രൊപ്പോസലിനൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്.

12) 08/11/2021 -ലെ G.O(P) No.19/21/G.Edn ഉത്തരവ് പ്രകാരം ഭിന്നശേഷി സംവരണം പാലിച്ചുള്ള നിയമനം ഈ ഉത്തരവ് തീയതിയ്ക്ക് ശേഷം ഉണ്ടാകുന്ന ഒഴിവുകളിലായിരിക്കും എന്ന്

വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജി.ഒ(പി) നം.19/21/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 07/11/2021 വരെ മാനേജർമാർ നടത്തിയ നിയമനം ബഹു. ഹൈക്കോടതിയിൽ ഈ വിഷയത്തിൽ നിലനിൽക്കുന്ന കേസുകളുടെ വിധി വന്നശേഷം പ്രസ്തുത വിധിക്കനുസൃതമായി മാത്രമേ അംഗീകരിക്കുകയുള്ളൂ. 08/11/2021 ന് ശേഷമുള്ള നിയമനങ്ങളിൽ ബാക്ക് ലോഗ് (07/02/1996 മുതൽ 07/11/2021) ഉൾപ്പെടെയുള്ള ഭിന്നശേഷി സംവരണം പാലിച്ച് മാത്രം മാനേജർമാർ നിയമനം നടത്തേണ്ടതും, ആയത് പരിശോധിച്ച് മാത്രം വിദ്യാഭ്യാസ ആഫീസർമാർ അംഗീകാരം നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖ കത്ത് സഹിതം )
എല്ലാ എയ്ഡഡ് സ്കൂളുകളുടെയും മാനേജർമാർക്ക് (ഡി ഇ ഒ/എ ഇ ഒ മുഖാന്തിരം)
എല്ലാ ആർ ഡി ഡി/വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും(പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന )
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ(വെബ്&ന്യൂ മീഡിയ )/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
സാമൂഹ്യനീതി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sindhu Lal**
**Date: 25-06-2022 15:08:11**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്